പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.345 23-08-2017-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ.ഇ.പി. ജയരാജൻ
ശ്രീ.പി.ടി.എ. റഹീം
ശ്രീ.കെ.ഡി. പ്രസേനൻ
ശ്രീ.എം. നൗഷാദ്

**ഉത്തരം**

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി</u>**

| | | |
|---|---|---|
| (എ) | മന്ദീഭവിച്ച സംസ്ഥാന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കാനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നിശ്ചലാവസ്ഥയിലായിരുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കാൻ കൈക്കൊണ്ട നടപടികളിൽ പ്രധാനപ്പെട്ടവയിവയാണ്.<br>1. മൂലധന ചെലവിനായി വിപണിയിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിനും നിലവിലെ സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനായി 12,000/- കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുവാനും 2016-17 ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്യ് തുടർനടപടി സ്വീകരിച്ചു.<br>2. 1999 ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചു കൊണ്ട് സെബിയും ആർ.ബി.ഐയും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കുകയും സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ സ്തംഭനാവസ്ഥയിലായിരുന്നവ യടക്കമുള്ള പല പ്രമുഖ പദ്ധതികളും അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് (കെ.ഐ.ഐ.എഫ്.ബി) പന്ത്രണ്ടായിര ത്തിലധികം കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി.<br>3. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് |

| | | |
|---|---|---|
| | | പണം ബജറ്റിനു പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ അന്തിമഘട്ടത്തിലാണ്.<br>4. 2016-17 ൽ 24000 കോടി രൂപയുടെ വാർഷിക പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്തപ്പോൾ നടപ്പ വർഷം 26500 കോടി രൂപയുടെ വാർഷിക പദ്ധതി നടപ്പിലാക്കി വരുന്നു.<br>5. 14 ജില്ല സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ചു കൊണ്ട് സഹകരണ മേഖലയിൽ കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന സർക്കാർ വിഹിതം വർദ്ധിപ്പിച്ചു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കി വരുന്നു<br>7. ഗുണഭോക്താക്കളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമായ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ മുൻ സർക്കാർ വരുത്തിയ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുന്നതിനും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കുടിശ്ശിക തീർത്ത് വീട്ടിലെത്തിക്കുക എന്ന വാഗ്ദാനം പാലിക്കുവാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.<br>8. സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്) നടപ്പിലാക്കി. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.<br>9. തൊഴിൽ ക്ഷാമം പരിഹരിക്കുവാൻ പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള 1000 ന് മേൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഏറ്റവും കുറഞ്ഞത് **1000** സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷംതോറും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആലോചനയിലാണ്.<br>10. വൈദ്യുതി പ്രസരണ നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിനും ഊർജ്ജ ഇവാക്വേഷൻ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനും വിതരണ-പ്രസരണ ശൃംഖല മെച്ചപ്പെടുത്തു |

| | | |
|---|---|---|
| | | ന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.<br>11. 10-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ പൂർണതോതിൽ അനുവദിച്ചു |
| (ബി) | നികുതി ഭരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കാനായി നടത്തിയ പ്രവർത്തന ഫലമായി നികുതി വരുമാനത്തിൽ ഉണ്ടായ മാറ്റം അറിയിക്കാമോ ; | ഈ സർക്കാർ അധികാരമേറ്റശേഷം നികുതി ചോർച്ച തടയുന്നതിനും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനും കൈക്കൊണ്ട ക്രിയാത്മകമായ നടപടികളുടെ ഫലമായി നോട്ട് നിരോധനം, ചരക്കുസേവന നികുതി നടപ്പിലാക്കൽ തുടങ്ങിയ പ്രതികൂല സാഹചര്യങ്ങൾക്കിടയിലും നികുതി വരുമാനത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ സിംഹഭാഗവും സമാഹരിക്കുന്ന പ്രമുഖ വകുപ്പുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതി പിരിവിൽ കൈവരിച്ചിട്ടുള്ള പുരോഗതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>രജിസ്ട്രേഷൻ വകുപ്പ്</u>**<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, വകുപ്പുതല കണക്കുകൾ പ്രകാരം രജിസ്ട്രേഷൻ വകുപ്പിന്റെ വരുമാനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ തൊട്ടു മുൻവർഷത്തെ അപേക്ഷിച്ച് 121.83 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ 2017 ജൂലൈ വരെയുള്ള കാലയളവിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഇതേ കാലയളവുമായി താരതമ്യപ്പെടുത്തുമ്പോൾ 39.18 കോടി രൂപയുടെ അധികവരുമാനം ലഭിച്ചിട്ടുണ്ട്.<br><br>**<u>എക്സൈസ് വകുപ്പ്</u>**<br><br>2016 ആഗസ്റ്റ് മാസം മുതൽ 2017 ജൂലൈ മാസം വരെയുള്ള ഒരു വർഷ കാലയളവിൽ എക്സൈസ് വകുപ്പ് മുഖേനയുള്ള ആകെ നികുതി വരുമാനത്തിൽ, വകുപ്പുതല കണക്കുകൾ പ്രകാരം, 1.12% വർദ്ധനവ് ഉണ്ടായിട്ടുള്ളതാണ്. എന്നാൽ ബഹു.സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ദേശീയ/സംസ്ഥാന പാതയോരങ്ങളിലെ മദ്യവില്പനശാലകൾക്ക് 31-03-2017-നുശേഷം പ്രവർത്തനാനുമതി നൽകാത്തതിനാൽ മദ്യവില്പനയിൽ ഗണ്യമായ കുറവ് നേരിട്ടിട്ടുള്ളതും തത്ഫലമായി എക്സൈസ് വകുപ്പ് മുഖേനയുള്ള നികുതി വരുമാനത്തിൽ വലിയ തോതിലുള്ള ഇടിവ് നേരിട്ടിട്ടുള്ളതുമാണ്. 2017-18 സാമ്പത്തിക വർഷം ജൂലൈ 31 |

| | | |
|---|---|---|
| | | വരെ മുൻവർഷത്തെ സമാന കാലയളവിനെ അപേക്ഷിച്ച് എക്സൈസ് വകുപ്പ് മുഖേനയുള്ള നികുതി വരുമാനത്തിൽ 3.06% കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.<br><br>**<u>മോട്ടോർ വാഹന വകുപ്പ്</u>**<br><br>2016-17 സാമ്പത്തിക വർഷത്തിൽ, വകുപ്പുതല കണക്കുകൾ പ്രകാരം നികുതിയിനത്തിൽ മോട്ടോർ വാഹനവകുപ്പ് പിരിച്ചെടുത്ത തുക 2565.51 കോടി രൂപയാണ്. അത് ലക്ഷ്യമിട്ടതിന്റെ 87.76% ആണ്. 2017-18 സാമ്പത്തിക വർഷത്തിൽ ജൂലൈ വരെയുള്ള കാലയളവിൽ 923.12 കോടി രൂപ നികുതിയായി സമാഹരിച്ചിട്ടുണ്ട്.<br><br>**<u>സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്</u>**<br><br>നികുതി ഭരണത്തിലെ കാര്യക്ഷമത വർദ്ധിപ്പി ക്കാനായി നടത്തിയ പ്രവർത്തന ഫലമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ 2016-17 സാമ്പത്തിക വർഷം വരുമാനത്തിൽ, വകുപ്പുതല കണക്കുൾ പ്രകാരം 2886.31 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (സി) | ജി.എസ്.റ്റി. പ്രാവർത്തികമായി ഒരുമാസം പൂർത്തിയായപ്പോൾ സംസ്ഥാന ചരക്കുസേവന നികുതി വരുമാനത്തിൽ ഉണ്ടായ വ്യതിയാനം മുൻമാസങ്ങളിൽ ലഭിച്ച മൂല്യ വർദ്ധിത നികുതി വരുമാനവുമായി താരതമ്യ പ്പെടുത്തി അറിയിക്കാമോ ? | 01-07-2017 മുതൽ ചരക്കുസേവന നികുതി നടപ്പിലാക്കി എങ്കിലും 2017 ജൂലൈ മാസത്തിലെ റിട്ടേൺ സമർപ്പിക്കുന്നതിന് ആഗസ്റ്റ് 20 വരെ സമയം അനുവദിച്ചിട്ടുള്ളതിനാൽ അതിനു ശേഷം മാത്രമേ 2017 ആഗസ്റ്റ് മാസത്തിലെ ജി.എസ്.ടി. വരുമാനം സംബന്ധിച്ച കണക്കുകൾ ലഭ്യമാകുകയുള്ളൂ. അതുകൊണ്ട് മുൻമാസങ്ങളിൽ ലഭിച്ച മൂല്യവർദ്ധിത നികുതി വരുമാനവുമായി ചരക്കു സേവന നികുതി താരതമ്യപ്പെടുത്തുക നിലവിൽ സാധ്യമല്ല. |

**സെക്ഷൻ ഓഫീസർ**